കെ.എൽ.ഡി.സി.-യുടെ കൊല്ലം ജില്ലയിലെ മാലാക്കായൽ വികസന പദ്ധതി

127 (3095) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എൽ.ഡി.സി.-യുടെ ചുമതലയിൽ കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിലുള്ള മാലാക്കായൽ വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) കെ.എൽ.ഡി.സി.-യുടെ ലീഗൽ സ്റ്റാൻഡിംഗ് കൗൺസിൽ നിർമ്മാണം തുടരരുതെന്ന് ഉപദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; 25-7-2014-ൽ പ്രസ്തുത കത്തിന്മേൽ നാളിതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ സ്റ്റോപ്പ് മെമ്മോ ഈ പദ്ധതിയുടെ നിർമ്മാണത്തിന് തടസ്സമായിട്ടുണ്ടോ ; എങ്കിൽ സ്റ്റോപ്പ് മെമ്മോയുടെ പകർപ്പും വിശദാംശവും ലഭ്യമാക്കുമോ ; ഇവ മാറ്റി കിട്ടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഡയറക്ടർ ഓഫ് എൻവയോൺമെന്റ് ക്ലൈമറ്റ് ചെയ്ഞ്ച് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയോ, റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് വെളിവാക്കുമോ ;

(ഇ) ഈ പദ്ധതി ഉപേക്ഷിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചുവോ ; ഇല്ലെങ്കിൽ എങ്ങനെ പദ്ധതി പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മാലാക്കായൽ പദ്ധതിയിൽ നാളിതുവരെ 355 മീറ്റർ നീളം പുറം ബണ്ടും 1625 എണ്ണം തെങ്ങിൻ കുറ്റികളും 626 മീറ്റർ ക്യൂബ് പാറഡമ്പിംഗും 2192.42 മീറ്റർ ക്യൂബ് സ്റ്റാക്കിംഗും 8894.246 മീറ്റർ ക്യൂബ് എർത്ത് ഫില്ലിംഗും ഒരു സ്ലൂയിസും, ഒരു കിണറും ചെയ്തിട്ടുണ്ട്.

(ബി-ഇ) ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിന്മേൽ 2011 മാർച്ച് മാസം മുതൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. RIDF XII-ൽ ഉൾപ്പെട്ട പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി അവസാനിച്ചു കഴിഞ്ഞു. സ്റ്റോപ്പ് മെമ്മോയുടെയും ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ക്ലൈമറ്റ് ചെയ്ഞ്ച് നടത്തിയ അന്വേഷണം സംബന്ധിച്ച റിപ്പോർട്ടിന്റെയും ഓരോ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly